# പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6660

09 – 07 – 2014 - ൽ മറുപടിക്ക്.

## ഭരണ നവീകരണ രംഗത്ത് വിവര സാങ്കതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും

ചോദ്യം

ശ്രീ. .ഇ. പി. ജയരാജൻ

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണ നവീകരണ രംഗത്ത് വിവര സാങ്കതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പു വരുത്താൻ ലക്ഷ്യമിട്ടു നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) | സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/ അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. സുതാര്യത കൂട്ടുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഇ - പേയ്മെന്റ്, ഇ - ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഇ - സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ - ഡിസ്ട്രിക്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്നും ഓരോ ഏജൻസികളും കൽപ്പിച്ച നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ? | (ബി) | കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സ്റ്റേറ്റ് ഇ - മിഷൻ ടീം (ഭാരത സർക്കാർ) (SeMT) , നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഇ - ഗവേണൻസ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ ഏജൻസികൾക്ക് കൽപ്പിച്ച നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>KSITM - ഇംപ്ലിമെന്റിംഗ് ഏജൻസി<br>SeMT - കൺസൾട്ടന്റ്<br>NIC - ടെക്നിക്കൽ സപ്പോർട്ട് |

സെക്ഷൻ ഓഫീസർ